**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **04-02-2026 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര പച്ചക്കറി ഉൽപാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം എത്ര മെട്രിക് ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റപ്പോൾ (2021-22) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറിയുല്പാദനം 16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ആയത് 2024-25 സാമ്പത്തിക വർഷത്തിൽ 19.106 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ 21.95 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; | (ബി) | സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം ഒരു വർഷം 22 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് . നിലവിൽ സംസ്ഥാനത്ത് 19.106 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ഉൽപാദിപ്പിക്കുന്നത്. ഇത് ആവശ്യകതയുടെ 86.84 ശതമാനമാണ്. |
| (സി) | സംസ്ഥാനത്തിന് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എപ്പോൾ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി കൃഷി മേഖലയിലെ കാര്യക്ഷമമായ ഇടപെടലിലൂടെ ഘട്ടം ഘട്ടമായി പച്ചക്കറി ഉൽപ്പാദനം സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു ; |

| **വർഷം** | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം(മെട്രിക് ടൺ ) |
|---|---|---|
| 2021-22 | 1.08 ലക്ഷം | 16.01 ലക്ഷം |
| 2022-23 | 1.14 ലക്ഷം | 17.10 ലക്ഷം |
| 2023-24 | 1.15 ലക്ഷം | 17.21 ലക്ഷം |
| 2024-25 | 1.22 ലക്ഷം | 19.106 ലക്ഷം |
| 2025-26 | | 21.95 ലക്ഷം |

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ബഹു: മുഖ്യമന്ത്രിയുടെ നാലാം നൂറു ദിന പരിപാടിയിൽ

ഉൾപ്പെടുത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും വിവിധ 16 വകുപ്പുകളെയും സഹകരണത്തോടുകൂടി 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ **സമഗ്ര പച്ചക്കറി വികസനം- സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതി** ആവിഷ്കരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 6045.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു ;

**1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി**

- വീടുകളിൽ പോഷകത്തോട്ടം നിർമ്മാണം. (1ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.)
- സങ്കരയിനം പച്ചക്കറി വിത്ത് വിതരണം (1 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം നടത്തുന്നു ഇതിനായി വകയിരുത്തിയ തുക 100 ലക്ഷം രൂപ)
- സങ്കരയിനം പച്ചക്കറി തൈ വിതരണം (1 കോടി പച്ചക്കറി തൈകൾ വിതരണം നടത്തുന്നു. ഇതിനായി വകയിരുത്തിയ തുക 300 ലക്ഷം രൂപ)
- വിവിധ ഇനം പച്ചക്കറി വിത്ത് വിതരണം (സങ്കരയിനം അല്ലാത്തത്)(10 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം, വകയിരുത്തിയ തുക 100 ലക്ഷം രൂപ)
- വിവിധ മാധ്യമങ്ങൾ മുഖേനയുള്ള പച്ചക്കറി വിത്ത് വിതരണം (2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം, ഇതിനായി വകയിരുത്തിയിരിക്കുന്ന തുക 10 ലക്ഷം രൂപ)
- ദീർഘകാല പച്ചക്കറി തൈകളുടെ വിതരണം (1 ലക്ഷം ദീർഘകാല പച്ചക്കറി തൈ വിതരണം, ഇതിനായി വകയിരുത്തിയിരിക്കുന്ന തുക 15 ലക്ഷം രൂപ)
- മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ വിതരണം (8000 യൂണിറ്റ് വിതരണത്തിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു).
- പുതിയ ഇനങ്ങൾ/പരമ്പരാഗത ഇനങ്ങൾ സ്വീകരിക്കുന്ന പ്രദർശന പ്ലോട്ടുകൾ,ഐ.പി.ഡി.എം. മുതലായവ. (1000 യൂണിറ്റ് നിർമ്മാണത്തിനായി 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു).
- ഹൈഡ്രോപോണിക്സ് കൃഷി രീതി പ്രോത്സാഹനം (20000 സ്ക്വയർ മീറ്റർ നിർമ്മാണത്തിനായി 35 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു).

2. വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി

- തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി (ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം) വ്യാപിപ്പിക്കൽ (100 ഹെക്ടർ സ്ഥലത്ത് തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു).
- സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിതര/അങ്കണവാടികൾ/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
- വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വരെ ധനസഹായം. (800 ക്ലസ്റ്ററുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക 1000 ലക്ഷം രൂപ).
- ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം. (വകയിരുത്തിയിരിക്കുന്ന തുക 270 ലക്ഷം രൂപ).
- ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് ധനസഹായം 30,000/- രൂപ (വകയിരുത്തിയിരിക്കുന്ന തുക 60 ലക്ഷം രൂപ).
- തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് ധനസഹായം 40,000/- രൂപ. (വകയിരുത്തിയിരിക്കുന്ന തുക 60 ലക്ഷം രൂപ).
- പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹൊക്ടറൊന്നിന് ധനസഹായം 10,000/- രൂപ (വകയിരുത്തിയിരിക്കുന്ന തുക 25.25 ലക്ഷം രൂപ).
- വി. എഫ്.പി.സി.കെ. മുഖേനയുള്ള പച്ചക്കറി വികസനം 1800.00 ലക്ഷം രൂപ.

**സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ ലക്ഷ്യങ്ങൾ** ചുവടെ ചേർക്കുന്നു.

- പച്ചക്കറി ഉത്പാദനത്തിൽ 5 വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത കൈവരിക്കുക.
- കാർഷിക മേഖലയിലെ കൃഷിക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള കർഷകക്കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ പങ്കാളികളാക്കുക.

- കേരളത്തിലെ പച്ചക്കറി ഉത്പ്പാദനം വർധിപ്പിച്ചു കൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറിയുടെ വരവ് നിയന്ത്രിക്കുക.
- ഉത്പാദനവും ഉത്പാദനക്ഷമതയും വിപണിയും മെച്ചപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുക
- കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- സുസ്ഥിരമായ കാർഷിക വളർച്ചയിലേക്ക് നയിക്കുന്ന പരിസ്ഥിതിസൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.
- സുരക്ഷിത പച്ചക്കറികൾ ലഭ്യമാക്കി ആരോഗ്യകരമായ ഭക്ഷണക്രമവും ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുക.

മേൽ പദ്ധതിയെ കൂടാതെ ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന **പോഷക സമൃദ്ധി മിഷൻ** പദ്ധതിയിലൂടെയും പച്ചക്കറി ഉൽപ്പദാനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിന് സഹായകരമാകുന്നു.

ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷികമേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിതിനാണ് പദ്ധതി ലക്ഷ്യമിടുന്നത് .പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം വരുത്തുന്നതിനും ഉല്പാദനത്തിൽ പച്ചക്കറി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ എക്കോളജിക്കൽ (അഗ്രോ അടിസ്ഥാനത്തിൽ വിവിധ സോൺ) കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചു നടപ്പിലാക്കി വരുന്നു. കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, സാമൂഹ്യക്ഷേമം, തദ്ദേശസ്വയംഭരണം വിദ്യാഭ്യാസം, എന്നീ വകുപ്പുകളെ ഫലപ്രദമായി ഏകോപിപ്പിച്ച് കൊണ്ടാണ് മിഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്. പദ്ധതി വിപുലീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത.**

**2 . പോഷകത്തോട്ടങ്ങളുടെ വ്യാപനം**

**3.സംസ്ഥാന വ്യാപകമായി കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പോഷകത്തോട്ടങ്ങൾ**

**4.ചെറുധാന്യങ്ങളുടെ കൃഷി (ആർ.കെ.വി.വൈ)**

| | | | |
|---|---|---|---|
| | | | **5.പഴവർഗ/പയർ/കൂൺ ഗ്രാമങ്ങൾ (എം.ഐ.ഡി.എച്ച്)**<br><br>**6.പരമ്പരാഗത ഇനങ്ങളുടെ കൃഷി**<br><br>**7.പോഷകാഹര-ഭക്ഷണ തളികയുടെ (Nutritional food Plate) രൂപകല്പനയും പ്രചാരണവും**<br><br>**8.കൃഷി പാഠശാലകൾ (Farm field school/Farm Schools)**<br><br>**9.പോഷക സമൃദ്ധി മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമമായി ഏകോപിപ്പിക്കുന്നതിനു സമാഹരണ കൂട്ടങ്ങൾ (Aggregation Centres)**<br><br>**10.വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം**<br><br>**11.ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി .**<br><br>**12.മിഷനിൽ ഉൾപ്പെട്ട വിളകളുടെ മൂല്യവർദ്ധനവും വിപണനവും.**<br><br>**13.പ്രചാരണ പരിപാടികൾ**<br><br>സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞത്തിന്റെ സാങ്കേതികവും ഭരണപരവുമായ നിർവ്വഹണത്തിനും ഏകോപനത്തിനും വിലയിരുത്തലിനുമായി വിവിധ തലങ്ങളിൽ സംസ്ഥാനതല ഹൈപ്പവർ കമ്മിറ്റി, ജില്ലാ തല ഹൈപ്പവർ കമ്മിറ്റി എന്നിങ്ങനെ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലേയും വിവിധ വകുപ്പുകളെ ഉൾപ്പെടുത്തികൊണ്ട് ജില്ല/ ബ്ലോക്ക്/ പഞ്ചായത്ത്/ വാർഡ് തലത്തിൽ കമ്മിറ്റി യോഗങ്ങൾ ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മുന്നൊരുക്കൾ സ്വീകരിച്ചു. ജില്ലാതല ഹൈപ്പവർ കമ്മിറ്റികൾ കൂടി പദ്ധതി തുടർ നടത്തിപ്പിനായി എല്ലാ ജില്ലകളിലും പച്ചക്കറി ഉല്പാദന വിപണന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ